# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5079 22.05.2017- ൽ മറുപടിക്ക്

**വിദേശത്തുള്ളവർക്ക് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീമതി ഇ.എസ്.ബിജിമോൾ,**<br>**ശ്രീ.ഇ.കെ.വിജയൻ,**<br>**കെ. രാജൻ,**<br>**ശ്രീമതി സി.കെ. ആശ.** | **ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) റവന്യൂ വകുപ്പ് നൽകുന്ന ജാതി സർട്ടിഫിക്കറ്റ്, നേറ്റിവിറ്റി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവയുടെ കാലാവധി എത്രയാണെന്ന് അറിയിക്കുമോ; | (എ) നിലവിലെ സർക്കാർ നിർദ്ദേശ പ്രകാരം ജാതി സർട്ടിഫിക്കറ്റ് നൽകുന്നത് പ്രത്യേകാവശ്യത്തിനായാണ്. നേറ്റിവിറ്റി സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ആജീവനാന്തമാണ്. (27.04.07 ലെ സ.ഉ (കൈയെഴുത്ത്) 136/07/ആർ.ഡി). വരുമാന സർട്ടിഫിക്കറ്റിന്റെ സാധുതാ കാലയളവ് ഒരു വർഷമായി നിജപ്പെടുത്തി സർക്കാർ 25.04.2013 ലെ ജി.ഒ.(പി) 160/2013/ആർ.ഡി പ്രകാരം ഉത്തരവായിട്ടുള്ളതാണ്. |
| (ബി) ക്രീമിലെയർ സർട്ടിഫിക്കറ്റിനുമായി ഓഫീസുകൾ കയറിയിറങ്ങേണ്ടി വരുന്ന സ്ഥിതി ഒഴിവാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ബി) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനായി ലഭിക്കുന്ന അപേക്ഷകൾ കാലവിളംബം കൂടാതെ തന്നെ തീർപ്പാക്കിവരുന്നുണ്ട്. |
| (സി) വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്നവരുടെ വരുമാന സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്നറിയിക്കുമോ? | (സി) വിദേശത്ത് ജോലി ചെയ്യുന്നവർക്ക് വരുമാന സർട്ടിഫിക്കറ്റ് നൽകുന്നത് അപേക്ഷകന്റെ/ രക്ഷകർത്താവിന്റെ സത്യവാങ്മൂലത്തിന്റെയും വില്ലേജാഫീസറുടെ പ്രാദേശികാന്വേഷണത്തിന്റെയും അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ഓഫീസർ